## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1460** **04.12.2014-ൽ മറുപടിക്ക്**

**മണലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച്. 66(17)-ലെ അറ്റകുറ്റപ്പണികൾ**

| ചോദ്യം<br>ശ്രീ.പി.എ. മാധവൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) മണലൂർ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച്. 66(17)-ൽ കി.മി. 369/000- നും 395/000-നും ഇടയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളക്കെട്ട് രൂപം കൊള്ളുന്നതുമൂലം റോഡു തകരുന്നതും ഗതാഗത തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു പരിഹരിക്കുന്നതിനായി ചാവക്കാട് പി.ഡബ്ല്യൂ.ഡി എൻ.എച്ച് സബ് ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ:<br><br>(സി) പ്രസ്തുത ദേശീയപാതയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) IRQP പദ്ധതിയിൽ ഉൾപ്പെടുത്തി കി.മീ. 369/000 മുതൽ 395/000 വരെയുള്ള എൻ.എച്ച്. 17 ന്റെ ഭാഗങ്ങളെല്ലാം റീസർഫസിംഗ് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ട് വരുന്ന ഭാഗങ്ങളിലെല്ലാം വെള്ളം ഒഴികിപ്പോകാൻ ആവശ്യമായ ഓടകൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ